**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1981** **29-07-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്ക് ഡയറക്ടർമാരുടെ സിറ്റിംഗ് ഫീയും ഓണറേറിയവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിലെ ഡയറക്ടർമാർക്ക് സിറ്റിംഗ് ഫീ അല്ലാതെ മറ്റെന്തെങ്കിലും തുക നൽകുന്നുണ്ടോ; | (എ) | സഹകരണ ബാങ്കുകളിലെ ഡയറക്ടർമാർക്ക് സിറ്റിംഗ് ഫീയും ഭരണസമിതി യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ആസ്ഥാനത്തുനിന്ന് 8 കിലോമീറ്ററിലധികം ഉള്ള യാത്രയ്ക്ക് യാത്രാബത്തയും വ്യാപാര ആവശ്യത്തിനായി യാത്ര ചെയ്യേണ്ടി വരുന്ന ഭരണസമിതി അംഗങ്ങൾക്ക് യാത്രബത്തയ്ക്ക് പുറമേ ദിനബത്തയ്ക്കും അർഹത ഉണ്ടായിരിക്കും. സ്ഥാപനത്തിന്റെ വാഹനം ഉപയോഗിക്കുന്നവർക്കും സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള വാഹനം ഉപയോഗിക്കുന്ന ഭരണസമിതി അംഗങ്ങൾക്കും, യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇവർക്ക് അതാത് സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുവദനീയമായ സർക്കാർ നിരക്കിലുള്ള ഇൻസിഡന്റൽ എക്സിപെൻസിന് അർഹതയുണ്ടായിരിക്കും. (8 കിലോമീറ്ററിന് പുറത്ത് യാത്ര ചെയ്യുന്ന പക്ഷം പ്രസ്തുത തുക ഏറ്റവും കുറഞ്ഞത് പകുതി ദിനബത്തയായിരിക്കും). വാഹനം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ പ്രസിഡന്റ്, ഭരണസമിതി അംഗങ്ങൾ യാത്രയ്ക്കായി വാഹനം ഉപയോഗിക്കുന്നില്ലായെങ്കിൽ അവർക്ക് ഒന്നാംക്ലാസ്/രണ്ടാംക്ലാസ് എ.സി.യിലുള്ള ട്രെയിൻ യാത്രാ നിരക്കോ റോഡ് മാർഗ്ഗമാണ് യാത്രയെങ്കിൽ എക്സ്പ്രസ്/ സൂപ്പർഫാസ്റ്റ് നിരക്കും അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് ട്രെയിൻ/റോഡ് യാത്രയ്ക്കും അനുവദനീയമായ ഇൻസിഡെന്റൽ എക്സ്പെൻസിനും അർഹതയുണ്ടായിരിക്കും. കേരള സർവ്വീസ് റൂളിലെ വ്യവസ്ഥകൾക്കനുസൃതമായി ഭരണസമിതി അംഗങ്ങൾക്ക് അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർമാർക്ക് അനുവദനീയമായ നിരക്കിലുള്ള ഹാൾട്ട് ഡി.എ. യ്ക്ക് അർഹതയുണ്ടായിരിക്കും. സംസ്ഥാനത്തിന് പുറത്ത് യാത്ര ചെയ്യുന്നവർക്കുള്ള |

| | | | |
|---|---|---|---|
| | | | ദിനബത്ത സാധാരണ നിരക്കിലും 50% അധികമായിരിക്കും. മുറിവാടകയിനത്തിൽ അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുവദനീയമായ സർക്കാർ നിരക്കിലുള്ള തുകയ്ക്കും അർഹതയുണ്ടായിരിക്കും. |
| (ബി) | സിറ്റിംഗ് ഫീ ഇനത്തിൽ നൽകുന്നത് എന്ത് തുകയാണെന്നു വ്യക്തമാക്കാമോ; | (ബി) | സിറ്റിംഗ് ഫീ ഇനത്തിൽ നൽകുന്ന തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ തുക ഏത് വർഷമാണ് അവസാനമായി വർദ്ധിപ്പിച്ചത്; തുക കൂട്ടി നൽകുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ; | (സി) | 2014 ൽ ആണ് അവസാനമായി വർദ്ധിപ്പിച്ചത്. തുക കൂട്ടി നൽകുന്നത് സംബന്ധിച്ച വിഷയം പരിഗണനയിൽ ഉണ്ട്. |
| (ഡി) | ഡയറക്ടർമാർക്ക് മാസം തോറും ഓണറേറിയമായി നിശ്ചിത തുക നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | ഡയറക്ടർമാർക്ക് മാസം തോറും ഓണറേറിയമായി നിശ്ചിത തുക നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സിറ്റിംഗ് ഫീ ഇനത്തിൽ നൽകുന്ന തുക സംബന്ധിച്ച വിവരങ്ങൾ

| സ്ഥാപനം | സിറ്റിംഗ് ഫീസ് |
|---|---|
| കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം | 800 |
| കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം | 800 |
| കേരള സംസ്ഥാന സഹകരണ കൺസ്യൂമേഴ്സ് ഫെഡറേഷൻ | 500 |
| കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ ക്ലിപ്തം | 500 |
| കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ക്ലിപ്തം | 500 |
| കേരള കേര കർഷക സഹകരണ ഫെഡറേഷൻ ക്ലിപ്തം | 500 |
| കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ ക്ലിപ്തം | 500 |
| കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ക്ലിപ്തം | 400 |
| കേരള വനിത സഹകരണ ഫെഡറേഷൻ ക്ലിപ്തം | 400 |
| കേരള സംസ്ഥാന സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ | 400 |
| ജില്ലാ സഹകരണ ബാങ്കുകൾ | 650 |
| കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്(റബ്കോ) | 500 |
| റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (റെയ്ഡ്കോ) | 500 |
| കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (അഗ്രീൻകോ) | 500 |
| പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ | 600 |
| അർബൻ സഹകരണ ബാങ്കുകൾ (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ളത്) | |
| സ്പെഷ്യൽ ഗ്രേഡ് | 600 |
| ക്ലാസ്സ് I | 500 |
| ക്ലാസ്സ് II | 400 |
| ക്ലാസ്സ് III | 350 |
| ക്ലാസ്സ് IV | 350 |
| ക്ലാസ്സ് V | 350 |
| ക്ലാസ്സ് VI | 350 |

| | |
|---|---|
| പ്രാഥമിക വായ്പ സംഘങ്ങൾ കാർഷിക/കാർഷികേതര/അർബൻ സംഘങ്ങൾ/റൂറൽ ബാങ്കുകൾ, ജീവനക്കാരുടെ വായ്പ സംഘങ്ങൾ ഉൾപ്പെടെയും ഹൗസിംഗ് സംഘങ്ങൾ ഒഴികെയും (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ളത്) | |
| സൂപ്പർ ഗ്രേഡ് - 200 കോടി രൂപയും അതിന് മുകളിലും നിക്ഷേപമുള്ളവ | 600 |
| സൂപ്പർ ഗ്രേഡ് - 200 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളവ | 600 |
| സ്പെഷ്യൽ ഗ്രേഡ് | 500 |
| ക്ലാസ്സ് I | 450 |
| ക്ലാസ്സ് II | 400 |
| ക്ലാസ്സ് III | 350 |
| ക്ലാസ്സ് IV | 350 |
| ക്ലാസ്സ് V | 325 |
| ക്ലാസ്സ് VI | 275 |
| ക്ലാസ്സ് VII (പ്രവർത്തന മൂലധനം 25 ലക്ഷം രൂപയിൽ കുറയാതെയുള്ളവയ്ക്ക്) | 250 |
| പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ളത്) | |
| ക്ലാസ്സ് I | 325 |
| ക്ലാസ്സ് II | 300 |
| ക്ലാസ്സ് III | 300 |
| (എ) ചട്ടങ്ങളിലെ അനുബന്ധം III ൽ പെടുന്നതും 2 കോടിയിൽ കൂടുതൽ പ്രവർത്തന മൂലധനമുള്ള സംഘങ്ങൾ | 325 |
| (ബി) 5 കോടിയിൽ കൂടുതൽ പ്രവർത്തന മൂലധനമുള്ള സംഘങ്ങൾ | 375 |
| (സി) 10 കോടിയിൽ കൂടുതൽ പ്രവർത്തന മൂലധനമുള്ള സംഘങ്ങൾ | 425 |
| പ്രൈമറി മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘങ്ങൾ | |
| ക്ലാസ്സ് I | 300 |
| ക്ലാസ്സ് II | 250 |
| ക്ലാസ്സ് III | 225 |
| ക്ലാസ്സ് IV<br>(വാർഷിക വിറ്റുവരവ് 10 ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ളവ മാത്രം) | 225 |
| (എ) ചട്ടങ്ങളിലെ അനുബന്ധം III ൽ പെടുന്നതും വാർഷിക വിറ്റുവരവ് 10 കോടിയിൽ കൂടുതൽ ഉള്ളവ | 325 |
| (ബി) വാർഷിക വിറ്റുവരവ് 25 കോടിയിൽ കൂടുതൽ ഉള്ളവ | 400 |

| | |
|---|---|
| (സി) വാർഷിക വിറ്റുവരവ് 50 കോടിയിൽ കൂടുതൽ ഉള്ളവ | 450 |
| ജില്ലാ മൊത്ത വ്യാപാര സഹകരണ സംഘങ്ങൾ | 300 |
| (എ) വാർഷിക വിറ്റുവരവ് 2 കോടിയിൽ കൂടുതലുള്ളവ | 300 |
| വനിതാ സഹകരണ സംഘങ്ങൾ (10 ലക്ഷത്തിന് മുകളിൽ പ്രവർത്തന മൂലധനമുള്ള സംഘങ്ങൾക്ക് മാത്രം) | 250 |
| (എ) 25 ലക്ഷത്തിന് മുകളിലുള്ളവ | 275 |
| (ബി) 75 ലക്ഷത്തിന് മുകളിലുള്ളവ | 325 |
| കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് ക്ലിപ്തം, പരിയാരം, കണ്ണൂർ | 600 |
| ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ | |
| (1) ജില്ലാ ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ | 500 |
| (2) സ്പെഷ്യൽ ഗ്രേഡ് | 500 |
| (3) ക്ലാസ്സ് I | 400 |
| (4) ക്ലാസ്സ് II | 300 |
| മറ്റ് സഹകരണ സംഘങ്ങൾ<br>വാർഷിക വിറ്റുവരവ്/പ്രവർത്തന മൂലധനം - ഇവ ബാധകമായത് | |
| 2 കോടിയിൽ കൂടുതലുള്ളവ | 500 |
| 1 കോടിയിൽ കൂടുതലുള്ളവ | 400 |
| 50 ലക്ഷത്തിൽ കൂടുതലുള്ളവ | 350 |
| 25 ലക്ഷത്തിൽ കൂടുതലുള്ളവ | 300 |
| 10 ലക്ഷത്തിൽ കൂടുതലുള്ളവ | 250 |

സെക്ഷൻ ഓഫീസർ